<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ഡോ. മാത്യു കുഴൽനാടൻ എന്നിവർ ഉന്നയിച്ച ക്രമപ്രശ്നത്തിനുള്ള മറുപടി</u>

<u>മി. സ്പീക്കർ</u>: 2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ രണ്ടാം നമ്പർ ബിൽ സംബന്ധിച്ച് നേരത്തെ അവതരിപ്പിച്ച ക്രമപ്രശ്നങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി നൽകാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, 2021-ലെ കേരള ധനകാര്യ ബില്ലിന് ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ഡോ. മാത്യു കുഴൽനാടൻ എന്നിവർ ഉന്നയിച്ച ക്രമപ്രശ്നത്തിനുള്ള മറുപടിയാണ്. കേരള ധനകാര്യ ബില്ലിന്റെ ഡിക്ലറേഷനിൽ 8-ാം വകുപ്പ് സർക്കാർ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ പ്രാബല്യത്തിൽ വരുമെന്നാണ് കാണിച്ചിട്ടുള്ളത്. 1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റെവന്യൂസ് ആക്ടിന്റെ സെക്ഷൻ 3-ന് വിരുദ്ധമാണെന്നതാണ് ആദ്യത്തെ ക്രമപ്രശ്നം. 2021-ലെ കേരള ധനകാര്യ ബില്ലിന്റെ ഡിക്ലറേഷൻ താഴെപ്പറയുന്ന പ്രകാരമാണ്.

" It is hereby declared that, it is expedient in the public interest that all the provisions of this Bill except the provisions of clause 8 shall have effect on and from the date of introduction of the Bill in the Kerala Legislative Assembly under the Kerala Provisional Collection of Revenues Act, 1985.

മേൽപ്പറഞ്ഞ പ്രഖ്യാപനപ്രകാരം ബില്ലിലെ ഖണ്ഡം 8 ഒഴികെയുള്ള വ്യവസ്ഥകൾക്കാണ് 1985-ലെ ആക്ട് പ്രകാരം പ്രാബല്യം നൽകിയിട്ടുള്ളത്. ബില്ലിന്റെ ഒന്നാം ഖണ്ഡത്തിൽ പ്രാബല്യ തീയതി സംബന്ധിച്ചും, 8-ാം ഖണ്ഡത്തിൽ സർക്കാർ വിജ്ഞാപനം വഴി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതലും പ്രാബല്യമുണ്ടാകമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ബില്ലിലെ 8-ാം ഖണ്ഡത്തിന് Kerala Provisional Collection of Revenues Act-ലെ വ്യവസ്ഥകൾ ബാധകമാകുന്നില്ല. അതിനാൽ ബില്ലിലെ പ്രാരംഭ തീയതി സംബന്ധിച്ച വ്യവസ്ഥ 1985-ലെ Kerala Provisional Collection of Revenues Act-ലെ വ്യവസ്ഥയ്ക്ക് വിരുദ്ധമല്ല. 1985-ലെ ആക്ടിലെ 3-ാം വകുപ്പ് താഴെപ്പറയും പ്രകാരമാണ് വ്യവസ്ഥ ചെയ്യുന്നത്.

" Where a Bill to be introduced in the Legislative Assembly on behalf of the Government, provides for the imposition or increase of any tax, duty, cess, fee or other revenue, the Government may cause to be inserted in the Bill a declaration that, it is expedient in the public interest that any provision of the Bill relating to such imposition or increase shall have effect from the 1st day of April following the date of introduction of

the Bill, or shall have immediate effect from the date of introduction of the Bill.”

മേൽപ്പറഞ്ഞ വസ്തുതകളിൽ നിന്നും ബില്ലിലെ 8-ാം വകുപ്പ് സർക്കാർ നിശ്ചയിക്കുന്ന ദിവസത്തിൽ പ്രാബല്യത്തിൽ വരുമെന്നത് 1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റെവന്യൂസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ല. 2009-ലെ കേരള ധനകാര്യ ബില്ലിലും 2020-ലെ കേരള ധനകാര്യ ബില്ലിലും സമാനമായ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. സമാനമായി 2020-ലെ കേന്ദ്ര ധനകാര്യ ബില്ലിലും ഇപ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റെവന്യൂസ് ആക്ടിലെ 3-ാം വകുപ്പ് പ്രകാരമുള്ള ഡിക്ലറേഷനിലുൾപ്പെടുത്തിയ, 14-ാം കേരള നിയമസഭയിൽ അവതരിപ്പിച്ച 2021-ലെ ധനകാര്യ ബില്ലിന് സെപ്റ്റംബർ 30-ാം തീയതിവരെ പ്രാബല്യമുണ്ടെന്നാണ് ക്രമപ്രശ്നത്തിൽ അടുത്തതായി ഉന്നയിച്ചിരിക്കുന്നത്. അതുകൊണ്ട് പുതിയൊരു ബില്ല് ആവശ്യമില്ല. ഭരണഘടനയുടെ 190-ാം അനുച്ഛേദം 5-ാം ഖണ്ഡം താഴെപ്പറയുന്ന പ്രകാരമാണ്.

“ A bill, which is pending in the Legislative Assembly of a state or which having been passed by the Legislative Assembly is pending in the legislative council shall lapse on a dissolution of the Assembly.”

അസംബ്ലി കഴിയുന്നതോടുകൂടി അതിന്റെ കാലാവധി കഴിയും. അതുകൊണ്ട് നിലവിലുള്ള ബില്ലുകൾ ലാപ്സാവുന്നതാണ്. അതുകൊണ്ട് ലാപ്സായ ബില്ലിലെ വ്യവസ്ഥകൾ 1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റെവന്യൂസ് ആക്ടിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല. അതിനാൽ 2021 ജനുവരിയിൽ അവതരിപ്പിച്ച കേരള ധനകാര്യ ബിൽ കേരള നിയമസഭ ഡിസോൾവ് ചെയ്ത 03.05.2021 തീയതിക്കുശേഷം പ്രാബല്യമില്ലാത്തതാണ്. പതിനാലാം കേരള നിയമസഭയുടെ കാലാവധി കഴിഞ്ഞപ്പോൾ 2021-ലെ ധനകാര്യ ബില്ലിലെ വ്യവസ്ഥകൾ കാലഹരണപ്പെട്ടുവെന്ന് ബജറ്റ് പ്രസംഗത്തിലെ പ്രസ്താവന ആശയക്കുഴപ്പം സൃഷ്ടിക്കുന്നുവെന്നാണ് ക്രമപ്രശ്നത്തിൽ അടുത്തതായി ഉന്നയിച്ചിരിക്കുന്നത്. ഭരണഘടനയുടെ 190 (എ), 196 (5) അനുഛേദപ്രകാരം നിയമസഭ ഡിസോൾവ് ചെയ്യുമ്പോൾ സഭയിൽ നിലവിലുണ്ടായിരുന്ന ബില്ലുകൾ ലാപ്സാവുന്നതാണ്. അതനുസരിച്ച് ജനുവരിയിൽ അവതരിപ്പിച്ച കേരള ധനകാര്യ ബിൽ ലാപ്സായിട്ടുള്ളതാണ്. എന്നാൽ ബിൽ ലാപ്സായ ദിവസം മുതൽ പുതുക്കിയ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുന്ന ദിവസം വരെയുള്ള നടപടികൾ സാധൂകരിക്കുന്നതിനായും നിയമസാധുത നൽകുന്നതിനായും ബില്ലിൽ ഔദ്യോഗിക ഭേദഗതിയായി വാലിഡേഷൻ ക്ലോസ് കൊണ്ടുവന്ന് പ്രസ്തുത നടപടികൾ സാധൂകരിക്കുക എന്നതാണ് നിലവിലുള്ള നടപടിക്രമം. അതിനാൽ

ബിൽ ലാപ്സായ ദിവസം മുതൽ പുതുക്കിയ കേരള ധനകാര്യ ബില്ലിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്ന തീയതിവരെയുള്ള കാലയളവിലെ നടപടികൾക്ക് നിയമസാധുത നൽകിക്കൊണ്ടുള്ള വ്യവസ്ഥ ബിൽ പാസ്സാക്കുന്ന സമയത്ത് ഔദ്യോഗിക ഭേദഗതിയായി കൊണ്ടുവരികയെന്നുള്ളതാണ് നടപടിക്രമം. പ്രസംഗത്തിലെ 113-ാമത്തെ ഖണ്ഡിക മാറ്റണമെന്ന് പറയുന്നുണ്ട്. അതുസംബന്ധിച്ച രണ്ട് മൂന്ന് കാര്യങ്ങൾ ഞാൻ ഇപ്പോൾ പറഞ്ഞതിലുണ്ട്. മെയ് മാസം 3-ാം തീയതി മുതൽ ഇത് പാസ്സാകുന്ന ഇന്നുവരെയുള്ള ദിവസങ്ങളിലെ ടാക്സ് കളക്ഷന് നിയമപരമായി വിധേയത്വമില്ല, പഴയ ബിൽ ലാപ്സായിപ്പോയി, ഇന്നാണ് പുതിയ ബിൽ വരുന്നതെന്നുള്ള പ്രശ്നമാണ് ഉന്നയിച്ചത്. അതിനായി നിയമം പാസ്സാക്കുന്ന സമയത്ത് ഒരു ഭേദഗതികൊണ്ടുവന്ന് അതിനെക്കൂടി വാലിഡേറ്റ് ചെയ്യുന്നരീതിയിലുള്ള ഒരു പ്രൊവിഷനാണ് സാധാരണഗതിയിൽ ഈ സഭയിൽ പാലിക്കാറുള്ളത്.

മറ്റൊന്ന്, ഇന്നലെ ഇവിടെ സംസാരിച്ചപ്പോൾ മൂന്ന് കാര്യങ്ങൾ പറഞ്ഞു. അത് ഈ ബില്ലിൽ വന്നിട്ടില്ല, സബ്ജക്ട് കമ്മിറ്റി കൂടി വരുമ്പോഴാണ് വരുന്നത്. നികുതി വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പൊതു ആംനെസ്റ്റി സ്കീമിൽ ഓപ്ഷൻ സമർപ്പിക്കാനുള്ള അവസാന തീയതി 2021 ആഗസ്റ്റ് 21-ൽ നിന്നും നവംബർ 30-ലേക്ക് നീട്ടുന്നതാണ്. അതുപോലെ കുടിശ്ശികയുള്ള ടേൺ ഓവർ

ടാക്സ് അടയ്ക്കുന്നതിനുള്ള ഓപ്ഷൻ ഫയൽ ചെയ്യുന്ന തീയതി 2021 ജൂൺ 30-ൽ നിന്നും 2021 സെപ്റ്റംബർ 30 ആയും നികുതി ഒടുക്കുന്നതിനുള്ള തീയതി ജൂലൈ 31-ൽ നിന്ന് ഒക്ടോബർ 31 ആയും നീട്ടുന്നതാണ്. അതുപോലെ ലോക് ഡൗൺ സമയത്ത് ഓട്ടോറിക്ഷ, ടാക്സികൾ ഉൾപ്പെടെയുള്ള സ്റ്റേറ്റ് കോൺട്രാക്ട് ക്യാരേജുകൾക്ക് ഒന്നാം ക്വാർട്ടർ നികുതി അടയ്ക്കാനുള്ള കാലാവധി 2021 ആഗസ്റ്റ് 31 വരെ നീട്ടി നൽകുന്നതായിരിക്കും. ഈ മൂന്ന് കാര്യങ്ങളും പറഞ്ഞു. അത് ഈ ബില്ലിൽ വന്നിട്ടില്ല. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തതിനുശേഷം വരുമ്പോഴാണ് അത് വരേണ്ടതെന്നുകൂടി ഞാൻ പറയുകയാണ്. ഇതാണ് ഇതേക്കുറിച്ചുള്ള വിശദീകരണം.